## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3681 — 10.04.2013-ലെ മറുപടിക്ക്

# പാലക്കാട് ജില്ലയിലെ പഞ്ചായത്തുകൾ വിനിയോഗിച്ച പദ്ധതിവിഹിതം

**ചോദ്യം** — **ഉത്തരം**

ശ്രീ.എം.ഹംസ

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)

എ) 2012-13 വർഷത്തെ പദ്ധതി വിഹിതം മുഴുവനായി വിനിയോഗിച്ച എത്ര പഞ്ചായത്തുകൾ പാലക്കാട് ജില്ലയിലുണ്ട് ; വ്യക്തമാക്കാമോ ;

എ) പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 2012-13 വർഷത്തെ പദ്ധതി വിഹിതം മുഴുവനായി വിനിയോഗിച്ചിട്ടില്ല.

ബി) പദ്ധതിവിഹിതത്തിന്റെ 50%ൽ താഴെ ചെലവഴിച്ച എത്ര പഞ്ചായത്തുകൾ പാലക്കാട് ജില്ലയിലുണ്ട് ; ഏതെല്ലാം ; ചെലവഴിച്ച തുകയുടെ ശതമാന കണക്ക് വ്യക്തമാക്കാമോ ; ചെലവഴിക്കാതിരുന്നതിന്റെ വിശദീകരണം ലഭ്യമാണോ ; ആയത് വ്യക്തമാക്കാമോ

ബി) 50%ൽ താഴെ ചെലവഴിച്ച 6 ഗ്രാമ പഞ്ചായത്തുകൾ ഉണ്ട്.

| ക്രമ നം. | ഗ്രാമ പഞ്ചായത്തിന്റെ പേര് | ചെലവ് ശതമാനം | വിശദീകരണം |
|---|---|---|---|
| 1 | പുതൂർ | 49.3 | വിശദീകരണം അനുബന്ധം (1) ആയി ചേർക്കുന്നു. |
| 2 | അഗളി | 46.9 | |
| 3 | ഷോളയൂർ | 37.7 | |
| 4 | പുതുപ്പരിയാരം | 32.5 | |
| 5 | ഓങ്ങല്ലൂർ | 31.8 | |
| 6 | നെല്ലിയാമ്പതി | 25.4 | |

സി) പാലക്കാട് ജില്ലയിലെ ഓരോ ഗ്രാമപഞ്ചായത്തിനും 2012-13 വർഷത്തെ പദ്ധതി വിഹിതമായി എത്ര തുകയാണ് അനുവദിച്ചത് ; എത്ര വിനിയോഗിച്ചു എന്ന കണക്ക് ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ നൽകുമോ ;

സി) ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വികസന ഫണ്ടിന്റെ വരവ് - ചെലവ് വിശദാംശം അനുബന്ധം (2) ആയി ചേർക്കുന്നു.

(...2)

| | |
|---|---|
| ഡി) പദ്ധതിവിഹിതം ചെലവഴിക്കാതിരുന്ന ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | ഡി) ഗ്രാമ പഞ്ചായത്തുകളാണ് പദ്ധതി വിഹിത വിനിയോഗം പൂർത്തിയാകാതിരിക്കുന്നതിന്റെ കാരണങ്ങളെ സംബന്ധിച്ച് പ്രാഥമിക പരിശോധന നടത്തി നടപടികൾ കൈക്കൊള്ളേണ്ടത്. അങ്ങനെ പരിശോധിക്കുമ്പോൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നു ഗ്രാമ പഞ്ചായത്തുകൾ സർക്കാരിനോട് വ്യക്തമായി ആവശ്യപ്പെടുന്നപക്ഷം അക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**